Mr. President: It is not desirable that any member should get up in his seat in advance unless the answer of the Government Member is finished.

മിസ്റ്റർ എം. ഐ. പോൾ: പ്രബലപ്പെട്ടനില്ക്കുന്ന ഒരു വ്യക്തിയുടെ ആക്ഷേപമാണൊ ആദ്യത്തെ ആക്ഷേപം?

റാവുസാഹിബ് കെ. അയ്യപ്പൻ: അതിപ്പോൾ ഓർമ്മയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ആദ്യത്തെ അലയിൻമെൻറിനെപ്പറ്റി ആക്ഷേപിച്ചു എന്നു പറയുന്ന വ്യക്തി ആരാണെന്നു പറയാമൊ?

റാവുസാഹിബ് കെ. അയ്യപ്പൻ: ഇതിനെപ്പറ്റി പറഞ്ഞുകഴിഞ്ഞു.

STATE CAR GIVEN FOR THE USE OF EX. CHIEF JUSTICE MR. KRISHNASWAMY IYENGAR

242. മിസ്റ്റർ കെ. എ. രാഘവൻ:

(എ) ചീഫ് ജസ്റ്റീസ് മിസ്റ്റർ കൃഷ്ണസ്വാമി അയ്യങ്കാർക്ക് ഗവൺമെണ്ടിൽനിന്നും ഒരു സ്റ്റേറ്റുകാർ ഉപയോഗത്തിനായി വിട്ടുകൊടുത്തിരുന്നുവോ;

(ബി) അദ്ദേഹത്തെ ഇവിടെ നിശ്ചയിച്ചപ്പോൾ അദ്ദേഹത്തിനു സ്റ്റേറ്റുകാർ കൊടുക്കാമെന്നു വല്ല വ്യവസ്ഥയുമുണ്ടായിരുന്നുവോ;

(സി) ഇല്ലായിരുന്നുവെങ്കിൽ ആദ്യമായി അദ്ദേഹം ഇപ്രകാരം സ്റ്റേറ്റുകാർ ആവശ്യപ്പെട്ടപ്പോൾ ഗവൺമെണ്ട് എന്തു മറുപടിയാണ് നൽകിയതു;

(ഡി) നിഷേധരൂപത്തിലായിരുന്ന ഗവൺമെണ്ടിൻെറ മറുപടിയെങ്കിൽ അദ്ദേഹം ആ അപേക്ഷ വീണ്ടും ആവർത്തിക്കുകയുണ്ടായോ;

(ഇ) ഉണ്ടെങ്കിൽ എന്തു വ്യവസ്ഥയിലാണ്;

(എഫ്) ഗവൺമെണ്ടു് അദ്ദേഹത്തിനു സ്റ്റേറ്റുകാർ വിട്ടുകൊടുത്തതു് (ഉപയോഗത്തിനു) എന്തു വ്യവസ്ഥയിലാണ്;

(ജി) എത്ര കാലം വരെ എന്നു കിപ്പെടുത്തിയാണ്;

(എച്ച്) പുതിയ കാറുകൾ വരുമ്പോൾ അദ്ദേഹത്തിനു പർമിറ്റ് ആവശ്യമുണ്ടോ എന്നു് ഗവൺമെണ്ടു് അന്വേഷിച്ചിട്ടുണ്ടോ;

(ഐ) അതിനു അദ്ദേഹം എന്തു മറുപടിയാണ് നൽകിയതു?

റാവു സാഹിബ് എ. മാധവപ്പൈ:

(എ) കഴിഞ്ഞ സെപ്തമ്പർ മാസം ആദ്യത്തിൽ ചീഫ് ജസ്റ്റീസ്സായിരുന്ന മിസ്റ്റർ കൃഷ്ണസ്വാമി അയ്യങ്കാർക്ക് അദ്ദേഹം സ്വന്തമായി ഒരു കാർ വാങ്ങുന്നതുവരെ ഉപയോഗിപ്പാൻ ഒരു സ്റ്റേറ്റുകാർ അനുവദിച്ചിരുന്നു.

(ബി) ഇല്ല.

(സി) എ-യിലെ ഉത്തരത്തിൽ പറഞ്ഞ മാതിരി ഒരു സ്റ്റേറ്റുകാർ ഉപയോഗത്തിനു കൊടുത്തു.

(ഡി) മേൽ ഉത്തരംകൊണ്ടു് ഉത്തരം ആവശ്യമില്ല.

(ഇ), (എഫ്) and (ജി) എ-യിലെ ഉത്തരം നോക്കുക.

(എച്ച്) ഇല്ല.

(ഐ) ഉത്തരം ആവശ്യമില്ല.

FAIR-PRICE SHOPS ENTRUSTED TO CO-OPERATIVE SOCIETIES

243. മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെണ്ടു് സദയം മറുപടി പറയുമൊ.—

(എ) എത്ര ഫെയർപ്രൈസ് ഷാപ്പുകളാണ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെ ഏല്പിച്ചു കൊടുത്തിട്ടുള്ളതു;

(ബി) ഇപ്പോൾ എത്ര ഷാപ്പുകൾ ഗവൺമെണ്ടു് നേരിട്ടു നടത്തുന്നുണ്ടു്;

(സി) ഫെയർപ്രൈസ് ഷാപ്പുകൾ വല്ലതും സ്വകായ്യ വ്യക്തികളെ ഏല്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എതു; ആരെയെല്ലാമാണ് ഏല്പിച്ചിരിക്കുന്നതു?

LIBRARY ARCHIVES Kerala Legislative Assembly